"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XVII - ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ-പത്തിനിപ്പാറ-മുണ്ടിയെരുമ്മ റോഡ്- പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയം ഭരണ (ഡി ഡി) വകുപ്പ്

**സ.ഉ.(സാധാ) നം.139/2019/ത.സ്വ.ഭ.വ**

തീയതി, തിരുവനന്തപുരം, 24/01/2019

പരാമർശം:-

1. 19/3/18-ലെ സ.ഉ.(സാധാ.)നം. 793/12/ത.സ്വ.ഭ.വ.
2. 26/6/2014 -ലെ സ.ഉ.(സാധാ) നം. 1620/14/ത.സ്വ.ഭ.വ
3. ഗ്രാമവികസന കമ്മീഷണറുടെ 02.11.2017, 06.03.2018, 25.4.2018 എന്നീ തിയതികളിലെ 20743/ആർ&ഐ-2/2013/സി.ആർ.ഡി. നമ്പർ കത്തുകൾ.
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26/9/2018 ലെ ഡിബി 6-9056/2014/ സി.ഇ./ ത.സ്വ.ഭ.വ. നമ്പർ കത്ത്.
5. ശ്രീ. പി .പി അജിത് കുമാർ ഫയൽ ചെയ്ത WP(C) No.26166/2018 മേലുള്ള ബഹു.ഹൈക്കോടതിയുടെ 12/10/2018-ലെ വിധിന്യായം

ഉത്തരവ്

ഇടുക്കി ജില്ലയിലെ പാമ്പാട്ടുംപാറ ഗ്രാമ പഞ്ചായത്തിലെ "പാമ്പാട്ടുംപാറ-പത്തിനിപാറ-മുണ്ടിയെരുമ റോഡ് വർക്ക്" നബാർഡ് ആർ.എ.ഐ.ഡി.എഫ്.ട്രാഞ്ചെ XVII-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് പരാമർശം(1) പ്രകാരം 350 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 325 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ നൽകിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തി ആരംഭിച്ച ശേഷം 19% ടെണ്ടർ എക്സസ് കൂടി ചേർത്ത് 3,77,64,414/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കുകയും 3,17,30,803/- രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ചീഫ് എൻജിനീയർ അനുമതി നൽകുകയും ചെയ്തു. ഇതിൽ 19% ടെണ്ടർ എക്സസ് കൂടി ചേർത്ത് ആകെ പുതുക്കിയ സാങ്കേതിക അനുമതി തുക 377.596 ലക്ഷം രൂപയാണ്. "പാമ്പാട്ടുംപാറ-പത്തിനിപാറ-മുണ്ടിയെരുമ" റോഡ് വർക്കിന് 2010 നിരക്കിൽ 19% ടെണ്ടർ എക്സസ് നൽകിയ നടപടിക്ക് പരാമർശം(2) പ്രകാരം സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്. സർക്കാർ അനുമതി വാങ്ങാതെ ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് പുതുക്കിയതിന്മേൽ ഉചിതമായ നടപടിക്കായി പുതുക്കിയ എസ്റ്റിമേറ്റും അനുബന്ധ രേഖകളും ഗ്രാമവികസന കമ്മീഷണർ പരാമർശം(3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം ടി പ്രവൃത്തിയുടെ ആകെ തുക 371.993 ലക്ഷം രൂപയാണെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം(3)-ലെ 02.11.2017-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. ടി പ്രവൃത്തിയുടെ ബിൽ തുക നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ.പി.പി.അജിത് കുമാർ എന്നയാൾ ബഹു. ഹൈക്കോടതി മുൻപാകെ WP(C)No.26166/2018 ഫയൽ ചെയ്തിരുന്നു. ടി റിട്ട് ഹർജിയിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 12/10/2018 ലെ വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിട്ടുണ്ട്.

***"....there will be direction to the respondents 2 and 4 to take appropriate steps to see that the amounts due to the petitioner as claimed in the final bill are verified and disbursed to him within a period of four months from the date of receipt of this judgment"***

3. പ്രവൃത്തി നിർവ്വഹണ സമയത്ത് മണ്ണിന്റെ ഘടനയിൽ വന്നിരിക്കുന്ന മാറ്റങ്ങൾ പ്രകാരമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കുന്നതെന്നും മെഷർമെന്റ് ബുക്കിൽ ഇത് രേഖപെടുത്തിയിട്ടുണ്ടെന്നും ഫൈനൽ ലെവൽ പ്രകാരമുള്ള മാറ്റങ്ങളാണ് പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ വീണ്ടും പരിശോധിക്കുകയും 3,10,24,346/- രൂപയ്ക്ക് പുതുക്കിയ അനുമതി നൽകുകയും ചെയ്തിട്ടുള്ളതായും അതിനോടൊപ്പം 19% ടെൻഡർ എക്സസ് തുക (58,94,626 രൂപ) കൂടി ഉൾപ്പെടുത്തി ആകെ തുക 3,69,18,972/- രൂപയാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുതുക്കിയ എസ്റ്റിമേറ്റും ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ ഫൈനൽ ലെവൽ പ്രകാരം അനുവദനീയമായ മാറ്റങ്ങളാണ് പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് ബോധ്യമായതിൻറെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XVII-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പ്രവൃത്തിയായ പാമ്പാട്ടുംപാറ-പത്തിനിപാറ-മുണ്ടിയെരുമ റോഡിന് 19% ടെൻഡർ എക്സ്സസ് തുക (58,94,626 രൂപ) കൂടി ഉൾപ്പെടുത്തി ആകെ 3,69,18,972/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു. പുതുക്കിയ ഭരണാനുമതി പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ്. ഫണ്ട് റിലീസിനുള്ള പ്രൊപ്പോസൽ ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കേണ്ടതാണ്.

5. പരാമർശം(5)-ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് മേൽ പറയും പ്രകാരം നടപ്പാക്കിയും ഉത്തരവാകുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with C/L)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ ( എ & ജി) തിരുവനന്തപുരം

ധനകാര്യ വകുപ്പ്(08.11.2018 ലെ NC-A2/25/2017-Fin പ്രകാരം)

ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid

Digitally signed by SHAJI T R
Date: 2019.0[illegible] 11:54:25 IST
Reason: Approved
സെക്ഷൻ ഓഫീസർ